**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4449** **01-07-2024 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | വ്യവസായ വാണിജ്യ വകുപ്പ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തരം സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Plant, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നതിന് "Improving infrastructure in existing DA/DP” എന്ന പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. ഇതിന് പുറമേ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങളും നിർമ്മിച്ച് വരുന്നു.<br><br>വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യാവസായിക വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനുമായി സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി |

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

വ്യാവസായികാവശ്യങ്ങൾക്കായി ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

<u>കിൻഫ്ര</u>

സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിൻഫ്ര മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി
- കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം
- ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്
- സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി
- ഇൻറർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻറർ (ഐഇസിസി) കാക്കനാട്, കൊച്ചി.
- കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ
- വ്യാവസായിക ജലവിതരണം ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, KEPIP, പാലക്കാട്
- വ്യാവസായിക ജലവിതരണം, പാലക്കാട്
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട് (ലാൻഡ് & ബിൽഡിംഗ്)
- കണ്ണൂരിലെ ലാൻഡ് ബാങ്ക്

<u>കെ.എസ്.ഐ.ഡി.സി.</u>

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഐ.ഡി.സി. വഴി നടപ്പിലാക്കുന്നു,<br><br>• ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം<br>• മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്)<br>• മെഗാ ഫുഡ് പാർക്ക്, ചേർത്തല<br>• ഐ.ജി.സി -ആലപ്പുഴ<br>• ഐ.ജി.സി -കോഴിക്കോട്<br>• ഐ.ജി.സി -കണ്ണൂർ<br>• ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി<br>• KIZ പാലക്കാട്<br>• കെഎസ്ഐഡിസി- ബിസിനസ് പാർക്ക്, അങ്കമാലി<br><br><u>കേരള സിഡ്കോ</u><br><br>കേരള സിഡ്കോയുടെ പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ 2-ാം ഘട്ട നവീകരണത്തിനായി 2 കോടി 61 ലക്ഷം രൂപയുടെ ലോൺ സർക്കാർ അനുവദിച്ചു നൽകുകയും പ്രസ്തുത എസ്റ്റേറ്റിന്റെ നവീകരണം പൂർത്തിയാക്കി 30-10-2021 ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് 79 ലക്ഷം രൂപ ചെലവിലും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര വ്യവസായ എസ്റ്റേറ്റ് 164 ലക്ഷം രൂപ ചെലവിലും നവീകരിക്കാനുള്ള പദ്ധതിക്ക് തത്ത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തരം സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി |

Common Effluent Plant, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നതിന് "Improving infrastructure in existing DA/DP” എന്ന പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. ഇതിന് പുറമേ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങളും നിർമ്മിച്ച് വരുന്നു.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യാവസായിക വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനുമായി സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

വ്യാവസായികാവശ്യങ്ങൾക്കായി ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

<u>കിൻ</u>ഫ്ര

സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിൻഫ്ര മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി
- കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം

| | | | |
|---|---|---|---|
| | | | • ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്<br>• സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br>• ഇൻറർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻറർ (ഐഇസിസി) കാക്കനാട്, കൊച്ചി.<br>• കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ<br>• വ്യാവസായിക ജലവിതരണം ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, KEPIP, പാലക്കാട്<br>• വ്യാവസായിക ജലവിതരണം, പാലക്കാട്<br>• അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട് (ലാൻഡ് & ബിൽഡിംഗ്)<br>• കണ്ണൂരിലെ ലാൻഡ് ബാങ്ക്<br><br><u>കെ.എസ്.ഐ.ഡി.സി.</u><br><br>സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഐ.ഡി.സി. വഴി നടപ്പിലാക്കുന്നു,<br><br>• ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം<br>• മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്)<br>• മെഗാ ഫുഡ് പാർക്ക്, ചേർത്തല<br>• ഐ.ജി.സി -ആലപ്പുഴ<br>• ഐ.ജി.സി -കോഴിക്കോട്<br>• ഐ.ജി.സി -കണ്ണൂർ<br>• ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി<br>• KIZ പാലക്കാട്<br>• കെഎസ്ഐഡിസി- ബിസിനസ് പാർക്ക്, അങ്കമാലി<br><br><u>കേരള സിഡ്കോ</u><br><br>കേരള സിഡ്കോയുടെ പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ 2-ാം ഘട്ട നവീകരണത്തിനായി 2 കോടി 61 ലക്ഷം രൂപയുടെ ലോൺ സർക്കാർ അനുവദിച്ചു നൽകുകയും പ്രസ്തുത എസ്റ്റേറ്റിന്റെ നവീകരണം പൂർത്തിയാക്കി 30-10-2021 ന് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് 79 ലക്ഷം രൂപ ചെലവിലും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര വ്യവസായ എസ്റ്റേറ്റ് 164 ലക്ഷം രൂപ ചെലവിലും നവീകരിക്കാനുള്ള പദ്ധതിക്ക് തത്ത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിലൂടെ എത്ര തുകയുടെ നിക്ഷേപം ലഭിച്ചുവെന്നും എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | പദ്ധതി നടത്തിപ്പിലൂടെ നാളിതുവരെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലായി ഏകദേശം 1,768 കോടി രൂപ (ആയിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട് കോടി രൂപ) യുടെ നിക്ഷേപം സമാഹരിക്കുവാനും ഏകദേശം 40,884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 2,746.356 കോടി രൂപ (രണ്ടായിരത്തി എഴുന്നൂറ്റി നാൽപത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ) യുടെ നിക്ഷേപവും 25,616 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി. വിവിധ പദ്ധതി നടത്തിപ്പിലൂടെ എകദേശം 1,105.5071 കോടി രൂപ (ആയിരത്തി ഒരുന്നൂറ്റി അഞ്ച് കോടി അൻപത് ലക്ഷത്തി എഴുപത്തി ഒന്നായിരം രൂപ) യുടെ നിക്ഷേപം സമാഹരിക്കുകയും 8,931 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സിഡ്കോയുടെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകളിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം MSME വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചതും കൈമാറ്റം ചെയ്തതും വഴി വ്യവസായ മേഖലയിൽ 72 കോടിയിൽപരം രൂപയുടെ നിക്ഷേപവും ഏകദേശം 1,574 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ